# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2494** 17.08.2017-ലെ മറുപടി

## ജലസ്രോതസ്സുകളുടെ വർദ്ധിച്ചുവരുന്ന മലിനീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ.ബഷീർ | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലസ്രോതസ്സുകളുടെ മലിനീകരണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ജലസേചന വകുപ്പ് നേരിട്ട് ജലമലിനീകരണം സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. ജല അതോറിറ്റിയുടെ പദ്ധതികൾക്കായി ഉപയോഗിക്കുന്ന സ്രോതസ്സുകളുടെ ജലഗുണനിലവാര പരിശോധന അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തിവരുന്നുണ്ട്.<br><br>ജലമലിനീകരണത്തെ കുറിച്ച് പ്രധാനമായും പഠനം നടത്തിയിട്ടുള്ളത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കോഴിക്കോട് ആസ്ഥാനമായുള്ള ജലവിഭവ വിനിയോഗ പഠന കേന്ദ്രം (CWRDM)എന്നിവയാണ് . റിപ്പോർട്ടുകൾ പ്രകാരം ജലമലിനീകരണത്തിന് കാരണമാകുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1) പൊതുജനങ്ങൾ മാലിന്യം ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത്.<br>2) നഗരവത്കരണം<br>3) കാർഷികമേഖലയിൽ നിന്നുള്ള രാസവളം / കീടനാശിനി എന്നിവ ജലാശയങ്ങളിൽ എത്തുന്നത്.<br>4) ഭൂവിനിയോഗത്തിൽ വന്ന മാറ്റം<br>5) നഗര ഗ്രാമ വ്യത്യാസമില്ലാതെ ഓടകൾ ജലാശയങ്ങളിലേക്ക് തുറന്നുവിടുന്നത്<br><br>മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധന ഫലങ്ങൾ അനുസരിച്ച് ജലസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാണ്. ജലസ്രോതസ്സുകളുടെ വൃഷ്ടി പ്രദേശത്തുള്ള നഗരങ്ങളിലും പട്ടണങ്ങളിലും ശാസ്ത്രീയമായ രീതിയിലുള്ള സീവേജ് ശേഖരണ ശുദ്ധീകരണ സംവിധാനങ്ങളുടെ അപര്യാപ്തതയാണ് കോളിഫോം ബാക്ടീരിയ യുടെ അളവ് കൂടുതലായി കാണുന്നതിന്റെ കാരണം. |

ജലാശയങ്ങളിലും മറ്റും അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയം ഭരണ വകുപ്പാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അറവു ശാലകൾ, മാർക്കറ്റുകൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കേണ്ടതുമാണ്.

സീവേജ് മൂലമുള്ള മലിനീകരണം തടയുന്നതിനായി എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും പ്രധാന പഞ്ചായത്തുകളിലും ഘട്ടം ഘട്ടമായി സിവറേജ് സിസ്റ്റവും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. പ്രശ്ന പരിഹാരത്തിന് നടപടിയെടുക്കേണ്ടത് കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ്.

സീവേജ് ഉൾപ്പെടെയുള്ള നഗരമാലിന്യം ഫലപ്രദമായി പൈപ്പ് ലൈൻ നെറ്റ് വർക്കും സീവേജ് സംസ്കരണ പ്ലാന്റും സ്ഥാപിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടത് അനിവാര്യമാണ്. എന്നാൽ ടി സംവിധാനം സ്ഥാപിച്ച് പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്നതുവരെ ഓരോ വീടുകൾക്കും ചെറിയ സ്ഥാപനങ്ങൾക്കും മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനായി പ്രത്യേകമായി ശാസ്ത്രീയമായ മലിനജല നിർമ്മാർജ്ജന സംവിധാനം സ്ഥാപിക്കുന്നത് മാത്രമേ പ്രായോഗികമാകൂ. സീവേജും സെപ്റ്റേജും മറ്റു നഗരമാലിന്യങ്ങൾ ഉൾപ്പെടെയുള്ള ദ്രവമാലിന്യം സംസ്കരിക്കുന്നതിനായി പൊതു മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതികൾ ഓരോ നഗരത്തിലും വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്.

ബി) ഇതിന് കാരണക്കാരാവുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) ജലമലിനീകരണം കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) യും (സി) യും

ജലമലിനീകരണത്തിന് കാരണമാകുന്നവർക്കെതിരെ നിലവിൽ നടപടി സ്വീകരിക്കുന്നത് മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാണ്. മുനിസിപ്പാലിറ്റീസ് ആക്റ്റിലും പഞ്ചായത്ത് രാജ് ആക്റ്റിലും നിയമ ഭേദഗതി വരുത്തി 07.10.2009-ൽ വിജ്ഞാപനം ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജലമലിനീകരണം നടത്തുന്നവർക്കെതിരെ നടപടി എടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ മലിനീകരണം നടത്തുന്നവർക്കെതിരെ ശിക്ഷാനടപടി കൈക്കൊള്ളുവാൻ വേണ്ട വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.
ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ

ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ വ്യവസായ സ്ഥാപനങ്ങളേയും, ആശുപത്രികളേയും ഉത്തുംഗ കെട്ടിടങ്ങളേയും കൊണ്ടു വരികയും, അവിടങ്ങളിൽ നിന്നുള്ള പാഴ്ജലം ശുദ്ധീകരിച്ച് മാലിന്യ ഘടകങ്ങൾ അനുവദനീയ പരിധിയിൽ എത്തിച്ച ശേഷം പരമാവധി പുനരുപയോഗം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുകയും ബാക്കിയുള്ള പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിഷ്കർഷിക്കുകയും ചെയ്തു വരുന്നു. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും മലിനീകരണം ഉണ്ടാക്കുന്നത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടു വന്നിട്ടുള്ള സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുകയും പാഴ്ജല സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും, വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും, നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണയിക്കുന്നതിനായി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽ നിന്നും ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തി വരുന്നു. കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണം, അധികമായി അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, തടാക സംരക്ഷണ പ്രവൃത്തികൾ, നദികളിലെ നീരൊഴുക്ക് നിലനിർത്തി, ഗ്രാമീണ കുടിവെള്ള സ്രോതസ്സുകൾ സ്ഥായിയാക്കുന്നതിനായി തടയണകളുടെ നിർമ്മാണം, ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി ചെക്ക് ഡാം, റെഗുലേറ്ററുകളുടെ നിർമ്മാണം, ആവശ്യമുള്ള ഇടങ്ങളിൽ നദീതീര സംരക്ഷണം, കമ്പിവേലി നിർമ്മാണം, ബോർഡുകൾ സ്ഥാപിക്കുക, വലകൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങളും സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**